പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2145 07.03.2017- ൽ മറുപടിയ്ക്ക്

## മസ്തിഷ്കമരണ സ്ഥിരീകരണവും അവയവദാനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.എ.പി.അനിൽ കുമാർ :<br>ശ്രീ.പി.ടി.തോമസ് :<br>ശ്രീ.കെ.സി.ജോസഫ് : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) സംസ്ഥാനത്ത് മസ്തിഷ്ക മരണ സ്ഥിരീകരണവും അവയവ ദാനവും സർക്കാർ നിരീക്ഷണത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് മസ്തിഷ്ക മരണ സ്ഥിരീകരണവും അവയവ ദാനവും നിലവിൽ സർക്കാർ നിരീക്ഷണത്തിലാണ് നടക്കുന്നത്. 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Transplantation of Human Organ Act (THOA) ലെ എല്ലാ നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് 2012 മുതൽ മരണാനന്തര അവയവദാന പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നത്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് ആശുപത്രികൾ പാലിക്കേണ്ട മാർഗരേഖകൾ 04.02.2012 ലെ ജി.ഒ.(എം.എസ്) നം.36/2012/ആകുവ, ജി.ഒ.(എം.എസ്) നം.37/2012/ ആകുവ, ജി.ഒ.(എം.എസ്) നം.38/2012/ആകുവ, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് **01.02.2017** തീയതിയിലെ ജി.ഒ.(എം.എസ്) നം.**16/2017/** ആകുവ പ്രകാരം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.<br><br>മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് സർക്കാർ നിയോഗിച്ച നാല് ഡോക്ടർമാർ അടങ്ങുന്ന ഒരു വിദഗ്ധ സംഘമാണ്. നിലവിൽ ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്ക മരണാനന്തര അവയവ ദാനത്തിന് സമ്മതം നൽകിയിട്ടുണ്ടെങ്കിലും ആ വ്യക്തിയുടെ മരണശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത് 6 മണിക്കൂർ ഇടവിട്ട് 2 തവണകളായി 4 വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു പാനൽ ആണ്. |

6 മണിക്കൂർ ഇടവിട്ടുള്ള രണ്ട് പരിശോധനകൾക്ക് ശേഷമുള്ള മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ തെറ്റുകൾ സംഭവിക്കാനുള്ള സാധ്യത ഒട്ടും തന്നെയില്ല. ഇത് കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ടെസ്റ്റിന്റെ റിയൽ ടൈം വീഡിയോഗ്രാഫി **01.02.2017** തീയതിയിലെ ജി. ഒ. (എം. എസ്) നം. **16/2017/**ആകുവ പ്രകാരം സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്.

മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിയുടെ അവയവദാനത്തിന് സമ്മതം ലഭിച്ചാൽ അവയവ വിന്യാസം (organ allocation) നടപ്പിലാക്കുന്നത് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (KNOS) ആണ്. 04.02.2012 ലെ ജി.ഒ.(എം.എസ്) നം.37/2012/ആകുവ പ്രകാരം രക്തഗ്രൂപ്പ് അനുസരിച്ചും KNOS ൽ രജിസ്റ്റർ ചെയ്യുന്ന മുൻഗണനാക്രമത്തിലും ആണ് സ്വീകർത്താവിനെ തിരഞ്ഞെടുക്കുന്നത്. ഇത് കൂടാതെ ആരോഗ്യസ്ഥിതി മോശമായ രോഗികൾക്കു ഓർഗൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷവും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുമാണ് അവയവം അലോക്കേറ്റ് ചെയ്യുന്നത്. എല്ലാ ട്രാൻസ് പ്ലാന്റ് ഹോസ്പിറ്റലിലും അവയവത്തിനാവശ്യമായ രോഗികളുടെ പേര് വിവരങ്ങൾ KNOS വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) അവയവ കച്ചവടത്തിനായി അനാവശ്യമായ മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്യുന്നു വെന്ന പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരോപണങ്ങളിൽ അടിസ്ഥാനമുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ബി) മുൻ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ അവയവ കച്ചവടങ്ങൾക്കായി മസ്തിഷ്ക മരണം തെറ്റായി പ്രഖ്യാപിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ഇത്തരം ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. |

സെക്ഷൻ ഓഫീസർ